**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5642** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. അധിഷ്ഠിത വ്യവസായ പാർക്കുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത വ്യവസായ പാർക്കുകളെ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള വിവിധ പാർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സർക്കാർ ഐ.ടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദേശീയ കമ്പനികൾക്ക് ഐ.ടി സംരഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനു വേണ്ടി SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോവർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, വാർത്താ-വിനിമയ സംവിധാനങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിവരുന്നു. കൂടാതെ 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത 66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20-തോളം ചെറുകിട ഐ.ടി പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. |
| (ബി) | സംസ്ഥാനത്തെ ഐ.ടി. അധിഷ്ഠിത പാർക്കുകളിൽ പുതുതായി ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തൊക്കെയെന്നും ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ സംബന്ധിച്ച വിശദാംശവും അറിയിക്കാമോ; | (ബി) | സർക്കാർ ഐ.ടി പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകളായി 5G സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ ദേശീയപാത വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി, ദേശിയപാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ 8.50 ലക്ഷം ചതുരശ്ര അടി നോൺ സെസ് ഐ.ടി മന്ദിരത്തിന്റെ നിർമ്മാണവും അനുബന്ധമായി ടൗൺഷിപ്പ് |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുവാനുമുള്ള പദ്ധതിയും പുരോഗമിക്കുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ ഏതാണ്ട് 7000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു.<br><br>വർക്ക് നിയർ ഹോം പദ്ധതിയുടെ ഭാഗമായി കൊച്ചി മെട്രോ സൗത്ത് സ്റ്റേഷന്റെ അനുബന്ധമായി 48000 ചതുരശ്ര അടി കെട്ടിടം ഡിസ്ട്രിബ്യൂട്ടഡ് കോ വർക്കിംഗ് സ്പെയിസുകളാക്കി മാറ്റുന്ന പദ്ധതിയ്ക്കും സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. നോൺ SEZ സ്പെയിസുകൾക്ക് വർദ്ധിച്ച് വരുന്ന ആവശ്യം പരിഗണിച്ച് ഇൻഫോപാർക്ക് കൊച്ചി ഒന്നാം ഘട്ടത്തിൽ ഒരു പുതിയ ഐ.ടി മന്ദിരം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. ടി പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏതാണ്ട് 10000 ത്തിലധികം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്ന് കണക്കാക്കുന്നു.<br><br>കോഴിക്കോട് സൈബർ പാർക്കിന്റെ കീഴിൽ 4 ലക്ഷം ചതുരശ്ര അടി നോൺ സെസ് ഐ.ടി മന്ദിരത്തിന്റെ നിർമ്മാണവും, പദ്ധതി വിപുലീകരണത്തിനായി ദേശീയപാത 66 നോട് ചേർന്ന് 10-15 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്. നേരിട്ടുള്ള 4000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | ആഗോള സാമ്പത്തിക മാന്ദ്യം മുന്നിൽ കണ്ട് ഐ.ടി. മേഖല സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കരുതൽ നടപടികൾ വിശദമാക്കാമോ? | (സി) | സർക്കാർ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളുടെയും, അവരുടെ കൂട്ടായ്മകളുടെയും കൂടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിച്ച് വിദഗ്ധമായ വിശകലനം നടത്തി ഉചിതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ